ശ്രീ. ഇ. കെ. നായനാർ: ഞാനവിടെ ഏഴു മണിമുതൽ ഏഴര മണിവരെ ഉണ്ടായിരുന്നു. ഒരൊറ്റ ഉത്തരവാദിത്വപ്പെട്ട ഡോക്ടർമാരും അപ്പോൾ സ്ഥലത്തില്ലായിരുന്നു. അവിടെ പ്രാക്ടീസ് ചെയ്യുന്ന കുറച്ച് ഡോക്ടർമാർ മാത്രമേയുണ്ടായിരുന്നുള്ളൂ.

ശ്രീ. വയലാർ രവി: ഞാനവിടെ ചെല്ലുമ്പോൾ ഡോക്ടർമാരുണ്ടായിരുന്നു. അവിടത്തെ ഡോക്ടർമാരുടെ സേവനത്തെക്കുറിച്ച് കുട്ടികളുടെ രക്ഷകർത്താക്കളും മറ്റ് ആളുകളും നല്ലവാക്ക് മാത്രമാണ് പറഞ്ഞ് കേട്ടത്. ഒരു രക്ഷാകർത്താക്കളും പരാതി പറഞ്ഞതായിട്ട് കേട്ടില്ല. അവിടെ കൊണ്ടുവരുന്ന രോഗികളെ പരിശോധിക്കാൻ ഡോക്ടർമാർ വന്നും പോയുമിരിക്കുന്നുണ്ട്. ഏതായാലും സീനിയർ ഡോക്ടർമാരടക്കം ഡി. എം. ഒ. യുടെ നേതൃത്വത്തിൽ ഒരു ടീം പോവുകയും എല്ലാ കാര്യങ്ങളും വേണ്ടവണ്ണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഒരു ക്ലാസിലെ ഇരുന്നൂറോളം കുട്ടികൾക്കാണ് ഇങ്ങനെ സംഭവിച്ചത്. ആയിരക്കണക്കിന് കുട്ടികൾ പഠിക്കുന്ന ഒരു സ്കൂളാണത്. ആ സ്കൂൾ സ്ഥിതി ചെയ്യുന്നത് ഒരു കുന്നിന്റെ മുകളിലാണ്. പടിഞ്ഞാറു ഭാഗത്തുള്ള ക്ലാസ്സിലാണ് സംഭവം ഉണ്ടായിട്ടുള്ളത്. ദൂരെ നിന്നു വരുന്ന കാറ്റിൽ നിന്നോ മറ്റോ ആണോ വിഷബാധയുണ്ടായതെന്ന് പരിശോധിക്കാൻ ശ്രമിച്ചിട്ടും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ഇത്തരം അനുഭവങ്ങളിൽ പരിചയമുള്ള ആളെന്നുള്ള നിലയിൽ ഹെൽത്ത് സെക്രട്ടറി ശ്രീ. കൃഷ്ണമൂർത്തിയെ ഇക്കാര്യങ്ങളെ അന്വേഷിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിനുള്ള അനുമതി നിഷേധിച്ചിരിക്കുകയാണ്.

III. ശ്രദ്ധക്ഷണിക്കൽ

(1) പാഠപുസ്തകങ്ങൾ ലഭിക്കാത്തതുമൂലം കാസർകോടു ജില്ലയിലെ കന്നട മീഡിയം വിദ്യാർത്ഥികളനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

Dr. A. Subba Rao: I would like to draw the attention of the Hon'ble Minister for Education to the difficulties experienced by the students of the 1st, 6th and 9th standards in Kannada Medium schools of the Kasargode District due to non-availability of several text books.

Sir, the first term is over and the quarterly examination is also over without these text books being available. The Second term has now started after the Onam festival. Still several text books have not been supplied, so far. The Government has decided to change their present method of education and to introduce a new type, perhaps giving more emphasis to the audio-visual type of education. So they had tried to prepares certain text books and it was proposed to be introduced/supplied at the beginning of this year for the 1st class.

LIBRARY ARCHIVES Kerala Legislative Assembly

One was for Training the child to the write and that is called 'Bharavanigaya Parichaya', and through these pictures and shapes and other figures; leading them to write alphabets. That has not been supplied. That was shown to me but that was not supplied because there were some objections with regard to the preparation of the book. The second book was to enable the child to learn through pictures and conversation and that book has just been supplied only two days back. And the 3rd book for the first class, which is to be supplied; that is the main book viz. 'Kerala Kannada Padavali', is yet to be distributed and I do not know when it is going to be done. If the Government had decided to change the method of education, then they should have started last year itself the process of preparing the text books as per the new syllabus and actual translation and then after having printed it, introduce the new type of education. Instead of that they have already committed themselves that they are going to introduce the new type of education without any text books and so much so the students are put into great difficulties. The teachers are also helpless. They are not able to teach the students. When I have brought this to the notice of the Minister some few days back, he told me that English books were supplied to the teachers and they can go ahead with the teaching. When I went and enquired there these English books have not been supplied and they are also in the dark. That is with regard to the 1st class where you start elementary education.

Now we come to the question of the 6th and 9th standards. Last year, there was a change in the syllabus for the 5th class and the 8th class. Last year also I had raised this issue in the floor of this House about the delay in the availability of text books in the 5th and 8th standards. Then the Hon'ble Minister gave me an assurance that from time. Now unfortunately Sir, for all the core subjects where we are supposed to give more emphasis to the science subjects and other things, this year in the 6th standard there was not even a single book for the core subjects, viz. Mathematics, or Science etc. for the first term. Now even today only Social Studies have been supplied. Science and Mathematics text books have not been supplied for the 6th standard. What about the 9th standard? Which is very important because next year they are going to the SSLC examination. For the 9th standard not a single book was supplied during the first term, except the Health Science. Now recently only few books of the Social Studies have been distributed. But for Science not even a single book has been supplied. Now what is the excuse by the Hon'ble Minister? He said that there was some difficulty in translation. There was some difficulty in printing in Thrikkakkara Press and other things. Was it not there Sir, in the last year also? They should have made some arrangements. If you are not able to prepare the text books and supply them in time, how are they going to learn? Then, ultimately, you put the blame on teachers saying that they have not prepared the students for the examination. For the whole

LIBRARY ARCHIVES Kerala Legislative Assembly

term you have not been able to give any text book. And ultimately you say that it is the fault of the teachers and students when there is poor results in the SSLC.

Sir, for the next year they have yet to start the process of preparing text books as per the new syllabus and translating it when the new syllabus is going to be introduced for the SSLC. Next year it is going to come for the 7th class. The Department is going to introduce this as per the new syllabus. They are going to introduce the public examination in the 7th standard. No book has yet been prepared. No attempt for preparing the books is being taken as per the new syllabus and it will be a greatest calamity if these things are not done, in time.

Sir, so I request that the books have to be supplied immediately and the preparation for the next year must be taken up immediately.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഈ വർഷത്തെ കണക്കു പുസ്തകങ്ങളും വിതരണം ചെയ്യുന്നതിൽ താമസം ഉണ്ടാകുന്നു യെന്ന് ബഹുമാനപ്പെട്ട മെമ്പർ ഈ സഭയിൽ സൂചിപ്പിക്കുകയുണ്ടായി. കന്നട, തമിഴ്, മലയാളം, ഇംഗ്ലീഷ് ഈ നാലു ഭാഷകളിലാണ് നമ്മൾ ഓരോ ക്ലാസിലേക്കുമുള്ള പുസ്തകങ്ങൾ പ്രിൻറ് ചെയ്യുന്നത്. ആദ്യം തയ്യാറാക്കുന്നത് ഇംഗ്ലീഷിലാണ്. എല്ലാ സ്ഥലങ്ങളിലും ഈ കീഴ്വഴക്ക മാണ് ഉള്ളത്. ഇംഗ്ലീഷിൽ തയ്യാറാക്കിയ ശേഷം മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തുകയാണ് ചെയ്യുന്നത്. കന്നട പുസ്തകങ്ങളുടെ ഫോട്ടോ കമ്പോസിംഗും അതുപോലെയുള്ള മറ്റു നടപടികളും ഒക്കെ ചെയ്യുന്നത് കർണ്ണാടക സ്റ്റേറ്റിലാണ്. ഞങ്ങൾ ആദ്യമായി തൃക്കാക്കര പ്രസ്സിനെ അതിന്റെ ചുമതല ഏൽപ്പിക്കും. തൃക്കാക്കര പ്രസ്സ് അതിന്റെ ചുമതല ഏറ്റെടുത്ത് നടപടിക്രമങ്ങൾ പൂർത്തിയാക്കി കൊണ്ടുവന്ന് പ്രിൻറ് ചെയ്യുകയുമാണ് പതിവ്. കഴിഞ്ഞ വർഷം തന്നെ ബഹുമാനപ്പെട്ട മെമ്പർ ഈ കാര്യം ഈ സഭയിൽ സൂചിപ്പിച്ചു. അന്ന് ഞാൻ പറഞ്ഞതാണ് കൃത്യ സമയത്തു തന്നെ പുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിയുമെന്ന്. അതിനനുസരണമായി നടപടികൾ ഗവൺമെൻറിന്റെ ഭാഗത്തു നിന്ന് സ്വീകരിക്കുകയും ചെയ്തു. പല സന്ദർഭങ്ങളിലും ബന്ധപ്പെട്ട ഉദ്യോ ഗസ്ഥന്മാരെ വിളിച്ചു വരുത്തി ചർച്ചകൾ നടത്തുകയും അതിനുള്ള ടൈം ഷെഡ്യൂൾ തയ്യാറാക്കുകയും ചെയ്തു. പക്ഷെ നിർഭാഗ്യകരമെന്നു പറയട്ടെ, ഈ ടൈം ഷെഡ്യൂൾ പ്രകാരം കാര്യങ്ങൾ നീങ്ങിയില്ല. തൃക്കാക്കര പ്രസ്സിനെ ഏൽപ്പിച്ചാൽ, പ്രസ്സുകാർ അത് ചെയ്യാമെന്ന് പറയുമ്പോഴും ഗവൺമെൻറിനു മനസ്സാക്ഷിയുണ്ടെങ്കിലും ഏറ്റുകഴിഞ്ഞാൽ പിന്നെ അത് ഏൽപ്പി ക്കുന്നത് അസാദ്ധ്യമായ സംഗതിയാണ്. തൃക്കാക്കര പ്രസ്സുകൊണ്ട് പ്രധാനമായും ഉദ്ദേശിച്ചിരുന്നത് ടെക്സ്റ്റ് ബുക്ക് പ്രിൻറിംഗ് തന്നെയാണ്. അതുകൊണ്ട് അവർ അത് ചെയ്യാമെന്ന് ഉത്തരവാദിത്വത്തോടു കൂടി സമ്മതിച്ചു. അതിന്റെ മാനേജിംഗ് ഡയറക്ടറും ഞാനും അടക്കം ചർച്ച ചെയ്ത് അതിനു ടൈം ഷെഡ്യൂൾ ഉണ്ടാക്കുകയും ഈ അധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ പുസ്തകങ്ങൾ ഇറക്കാമെന്ന് അവർ സമ്മതിക്കുകയും ചെയ്തതാണ്. അങ്ങനെ ഒരു സാഹചര്യമുള്ളപ്പോൾ മറ്റു നടപടികളിലേക്ക് കടക്കാൻ കഴിയുകയില്ല. ബഹുമാനപ്പെട്ട മെമ്പർ എന്തു കൊണ്ട് ഗവൺമെൻറ് അങ്ങനെ ചെയ്തില്ല എന്ന് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ചു. എന്താണെങ്കിലും അടുത്ത വർഷത്തേക്കുള്ള കാര്യങ്ങളിൽ തടസ്സമുണ്ടാകാതിരിക്കാൻ വേണ്ടി ഒരു ടൈം ഷെഡ്യൂൾ ഉണ്ടാക്കി. അവരോട് അന്ന് പറഞ്ഞു, നിങ്ങൾ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ മാത്രം എൽക്കുക, ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുക. പിന്നെയുള്ള ജോലി കാണിച്ച് ടെണ്ടർ വിളിച്ച് ലോവസ്റ്റ് ടെണ്ടർ കൊട്ട് ചെയ്യുന്ന പ്രസ്സുകാരെ എൽപ്പിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുകയാണ്. നമ്മുടെ തൃക്കാക്കര പ്രസ്സിൽ റീ-പ്രിൻറിംഗും പുതിയ പുസ്തകങ്ങളുടെ പ്രിൻറിംഗും കൂടി നടത്താൻ കഴിയുകയില്ല. ഇപ്പോൾ രാത്രിയും പകലുമായിട്ട് പ്രിൻറിംഗ് നടക്കുകയാണ്.

അതുപോലെതന്നെ ഒരു കാര്യം സഭ മനസ്സിലാക്കാനുള്ളത് ഈ കാര്യത്തിൽ അവർക്ക് വേണ്ടതായ പ്രചോദനം നൽകണമെന്നുള്ളതാണ്. ഇതിനിടയിൽ പല തരത്തിലുള്ള സമരങ്ങളും അവിടെ രംഗപ്രവേശം ചെയ്തു. ഈ സമരങ്ങളെല്ലാം തന്നെ ടെക്സ്റ്റ് ബുക്ക് പ്രിൻറിംഗിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഈ കാരണത്താലാണ് കുറേ താമസം അവിടെയുണ്ടായത്. ബഹുമാനപ്പെട്ട സുബ്ബറാവു പറഞ്ഞത് പൂർണ്ണമായിട്ട് ശരിയാണെന്ന് തോന്നുന്നില്ല. എന്റെ കൈയിലിരിക്കുന്ന രേഖകൾ വച്ച് എനിക്ക് പറയാൻ കഴിയും. അതനുസരിച്ച് 1-ാം ക്ലാസിലെ മൂന്നു പുസ്തകങ്ങളെക്കുറിച്ച് പറഞ്ഞു. ഒന്ന് ആലേഖന പരിചയം എന്നു പറയുന്ന പുസ്തകമാണ്. കുട്ടികൾക്ക് അക്ഷരം എഴുതാൻ പഠിക്കുന്ന പുസ്തകമാണ് അത്. അത് 19-6-1985-ൽ കന്നഡയിൽ പ്രിൻറ് ചെയ്ത് ഇറങ്ങിയിട്ടുണ്ട്. രണ്ടാമത്തെ പുസ്തകമെന്നു പറയുന്നത്, 'സംഭാഷണ പരിചയ' മാണ്. അത് 2-9-1985-ൽ ഇറങ്ങിയിട്ടുണ്ട്. അടുത്ത പുസ്തകം 'മലയാള പാഠാവലി' യാണ് അത് ഇന്നലെ പ്രിൻറിംഗ് പൂർത്തിയായി സപ്ലൈ ചെയ്യാനുള്ള നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്.

അതുപോലെ തന്നെ 6-ാം ക്ലാസിലെ പുസ്തകങ്ങളെ സംബന്ധിച്ചിടത്തോളം ബേസിക് സയൻസ്, അത് 6-9-1985-ൽ കന്നഡയിലുള്ളത് പ്രിൻറിംഗ് പൂർത്തിയാക്കി വിതരണത്തിന് തയ്യാറാക്കിയിട്ടുണ്ട്. സോഷ്യൽ സയൻസ് 10-9-1985-ലാണ് പൂർത്തിയാക്കിയിരിക്കുന്നത്. ബാക്കിയുള്ളത് ബേസിക് മാത്തമറ്റിക്സാണ്. അത് നാളെ ഡിസ്ട്രിബ്യൂഷൻ ആരംഭിക്കും. അതുപോലെ തന്നെ 9-ാം ക്ലാസിലെ പുസ്തകങ്ങളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. അതിൽ ബയോളജി 19-8-1985-ൽ വിതരണം ചെയ്തിട്ടുണ്ട്. "Early and Medieval India" അതിന്റെ കന്നഡ പുസ്തകം 19-8-1985-ൽ വിതരണം ചെയ്തിട്ടുണ്ട്. ഹെൽത്ത് സയൻസ് 19-7-1985-ൽ വിതരണം ചെയ്തിട്ടുണ്ട്. ജോഗ്രഫി 2-8-1985-ൽ വിതരണം ചെയ്തിട്ടുണ്ട്. ഇനി അവശേഷിക്കുന്നത് കെമിസ്ട്രിയാണ്. കെമിസ്ട്രി പുസ്തകം 20-ാം തീയതി പ്രിൻറിംഗ് പൂർത്തിയാക്കി ഡിസ്ട്രിബ്യൂഷനാകും. ഫിസിക്സ് 30-ാം തീയതിയോടുകൂടി പൂർത്തിയാക്കാൻ കഴിയുന്നതാണ്. അതുപോലെതന്നെ മാത്തമാറ്റിക്സും ഈ മാസം 30-ാം തീയതി പൂർത്തിയാകും. പിന്നെ അവസാനം ഒരു പുസ്തകം ഉള്ളത് "Elements of Economics & Political Sciences" അത് മൂന്നാമത്തെ ടേമിൽ പഠിപ്പിക്കേതാണ്. സെക്കൻറ് ടേമിൽ ആ പുസ്തകത്തിന്റെ ആവശ്യമില്ല. അതാണ് ഇതിന്റെ സ്ഥിതി വിവരക്കണക്ക്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു, പുസ്തകങ്ങൾ കൃത്യസമയത്ത് വിതരണം ചെയ്തിട്ടില്ലായെന്ന്. കന്നഡ പുസ്തകങ്ങളും പ്രധാനമായും നമ്മൾ ഡിസ്ട്രിബ്യൂട്ട് ചെയ്യുന്നത് കാസർകോട് ഡിസ്ട്രിക്ടിലാണ്. ഡോക്ടർ സുബ്ബറാവു

LIBRARY ARCHIVES Kerala Legislative Assembly

ഇത് പറഞ്ഞതിനുശേഷം ഞാൻ ഉദ്യോഗസ്ഥൻമാരെ വിളിച്ച് അന്വേഷിക്കുകയും വേണ്ട നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അവർ എനിക്ക് നൽകുന്ന വിവരമനുസരിച്ചാണ് പറയുന്നത്. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തിര നടപടി ഒരം സ്വീകരിക്കുന്നതാണ്. 10-ാം ക്ലാസിലെ പുസ്തകങ്ങൾക്കു വേണ്ടി സ്ക്രിപ്റ്റെല്ലാം തയ്യാറായിക്കഴിഞ്ഞു. അതിന്റെ പ്രിന്റിംഗിനുള്ള നടപടികളും എല്ലാം ആരംഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന് കഴിഞ്ഞ വർഷം കൊടുത്ത ഉറപ്പ് പാലിച്ചില്ലായെന്നു പറയുന്നുണ്ടെങ്കിലും അടുത്ത വർഷം ഇങ്ങനെ ഒരു സാഹചര്യം ഉണ്ടാകാതെ 10-ാം ക്ലാസിലെ പുസ്തകങ്ങളെല്ലാം മാർച്ച് 31-ാം തീയതി അതായത് അധ്യയന വർഷം അവസാനിക്കുമ്പോൾ പുറത്തിറക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

Dr. A. Subba Rao: There was some objections with regard to the 'Bharavanigaya Parichaya' saying that some of these characters.....

Mr. Speaker: In view of the reply given by the Minister, you please ask a question.

Dr. A. Subba Rao: In view of the facts that there was some difference of opinion with regard to the shapes and portions of the alphabets, and that it is mainly meant for instructing the Malayalam, will the Government try to change and it for the Kannada books?

ശ്രീ. ടി. എം. ജേക്കബ്: ആലേഖന പരിചയം ഇംഗ്ലീഷ്, മലയാളം, കന്നഡ, തമിഴ് എന്നീ നാല് ഭാഷകളിലേയും അക്ഷരങ്ങൾ അതിനകത്ത് ഉണ്ട്. കുട്ടികൾക്ക് അക്ഷരങ്ങൾ വരയ്ക്കാനുള്ള പരിചയം കിട്ടുമെന്നുള്ളതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഡോ. സുബ്ബറാവു ഇങ്ങനെയൊരു പ്രശ്നം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കന്നഡ സംസാരിക്കുന്ന ആളുകളുടെ ഇടയിൽ വൈകാരികമായ ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ടെന്നാണ് അദ്ദേഹം പറയുന്നത്. എന്തായാലും ഈ കാര്യം പ്രത്യേകമായി പരിശോധിക്കാൻ സെന്റർ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ടിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അദ്ദേഹം പറഞ്ഞ പോരായ്മകൾ അതിനകത്തുണ്ടെങ്കിൽ തീർച്ചയായും അത് പരിഹരിച്ചുകൊണ്ട് അടുത്ത വർഷം വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

2. ആറാം സ്റ്റാൻഡേർഡിലേക്കുള്ള സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽ കടന്നുകൂടിയിട്ടുള്ളതായി പറയപ്പെടുന്ന ഇസ്ലാം വിരുദ്ധ പരാമർശങ്ങൾ

ശ്രീ. പി. കെ. കെ. ബാവ: സർ, കേരള ഗവൺമെന്റ് തയ്യാറാക്കിയ 6-ാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽ ഇസ്ലാമിനെക്കുറിച്ച് പറഞ്ഞിട്ടുള്ള പലതും അസത്യവും അബദ്ധജഡിലവുമാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. മാത്രമല്ല മതവിശ്വാസത്തിൽ മാത്രം ചേർക്കുന്ന പ്രവണത അതിൽ ഉടനീളം കാണാൻ കഴിയും. മതമൈത്രിക്ക് കോട്ടമുണ്ടാക്കുന്ന പരാമർശനവും ഈക്കൂട്ടത്തിലുണ്ട്. ഒരു മതത്തെ സംബന്ധിച്ച് പ്രസ്തുത മതഗ്രന്ഥത്തെക്കുറിച്ച് വിശ്വാസികൾ അംഗീകരിക്കാത്ത പരാമർശനം സർക്കാർ ചെലവിൽ പഠിപ്പിക്കുന്നത് ഭൂഷണമല്ല. നാം കാത്തുസൂക്ഷിച്ചുവരുന്ന മൂല്യങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly